

Monthly Price Rs.4 Year [illegible]



# THE BIBLE TRUTH

# താല്ക്കാലിക വരങ്ങൾ



# THE BIBLE TRUTH

**Editor**
**P.K. VARGHESE**
000
**Published by Church of Christ**
പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 25** **June 2010** **No. 3**

# എഡിറ്റോറിയൽ

നാം കാണുന്ന പ്രപഞ്ചം ദൈവത്തിന്റെ സൃഷ്ടിയാണ്. അതിന്റെ ഘടനയും പ്രവർത്തനവും ദൈവകൽപനയിൽ ഉൾപ്പെടുന്നതാണ്. ശാസ്ത്രമെന്ന വിഷയം ലോകത്തിൽ പ്രചുരപ്രചാരത്തിൽ ഇരിക്കുന്നുണ്ട്. ഗവേഷണങ്ങൾ പലതും കാലാകാലങ്ങളിൽ നടത്തുന്നുണ്ട്. മനുഷ്യബുദ്ധി അനുസരിച്ചാണ് പല കണ്ടുപിടുത്തങ്ങളും മനുഷ്യർ നടത്തുന്നതെങ്കിലും അതിനുപ്രചോദനം നൽകുന്നത് തിരുവെഴുത്തുകളാണ്. മാനുഷികമായ അറിവ് അപര്യാപ്തമാണ്, എന്നാൽ ദൈവീകമായ അറിവ് പരിപൂർണ്ണമാണ്. അതുകൊണ്ടാണ് മനുഷ്യരുടെ ഗവേഷണങ്ങൾ പലതും മാറിക്കൊണ്ടിരിക്കുന്നത്. ഒരിക്കൽ അവർ നടത്തിയ കണ്ടുപിടുത്ത ഫലം തെറ്റായിരുന്നുവെന്ന് അവർ പിൽക്കാലത്ത് വെളിപ്പെടുത്തിയിട്ടുണ്ട്. അതു തെളിയിക്കുന്നതെന്തെന്നാൽ അവർക്കു ലഭിച്ച പ്രാപഞ്ചികമായ അറിവ് ന്യൂനമുള്ളതാണ് എന്നത്രെ. ശാസ്ത്രം പഠിക്കുന്ന വിദ്യാർത്ഥികൾക്കും അതു പഠിപ്പിക്കുന്ന അദ്ധ്യാപകർക്കും ആശയ കുഴപ്പം ഉണ്ടാകുന്നത് അതുകൊണ്ടാണ്. അത് ഒഴിവാക്കുവാൻ ഏകവഴി തികവുള്ള പരിജ്ഞാനമായ ദൈവവചനം പരിശോധിക്കുകയാണ്. ദൈവവചനത്തിന്റെ ഉറവിടം ദൈവമാണെന്നും അവനു തെറ്റുപറ്റുകയില്ല എന്നും നാം മനസ്സിലാക്കിയാൽ കാര്യം എളുപ്പമാകുന്നു.

പ്രപഞ്ചത്തെ സൃഷ്ടിച്ചത് ദൈവമാണെന്ന സത്യത്തിലേക്ക് അവർ എത്തണം. അപ്പോൾ അവർക്കു തെറ്റിദ്ധാരണ ഒഴിവാക്കുവാൻ കഴിയും. കാരണം ദൈവം മാത്രം സത്യവാൻ. അതുകൊണ്ട്

ദൈവത്തിൽ ആശ്രയിക്കുന്നവർ ലജ്ജിക്കപ്പെടുകയില്ല. ഗവേഷകരുടെ നിരീക്ഷണത്തിൽ ഗ്രഹങ്ങൾക്ക് ചലനം സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നതാണ് കണ്ടെത്തിയിരിക്കുന്നത്. ആകാശത്തിൽ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു കാലാവസ്ഥയിൽ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അവിടവിടെ ഭൂകമ്പങ്ങൾ ഉണ്ടാകുമ്പോൾ ഭൂമിയും വെള്ളവും ചലിക്കുന്നു. ആളുകളെ അതു പരിഭ്രാന്തിയിൽ എത്തിക്കുന്നു. പ്രകൃതിയിൽ ഉണ്ടാകുന്ന ഇത്തരം പ്രതിഭാസങ്ങളെ ആളുകൾ വിലയിരുത്തുന്നത് പലവിധത്തിലാണ്. അതു കുറഞ്ഞു വരികയല്ല, കൂടിവരികയാണ് ചെയ്യുന്നത്. ഏതെങ്കിലും ഒരു രാജ്യത്തുമാത്രം ഉണ്ടാകുന്ന പ്രതിഭാസം അല്ല മുകളിൽ പറഞ്ഞവ. ആഗോളതലത്തിൽ അവ കാണപ്പെടുന്നു. ഈ പ്രപഞ്ചവും പ്രപഞ്ചത്തിലുള്ള വസ്തുക്കളും ഉണ്ടാക്കിയ സൃഷ്ടികർത്താവിന്റെ ഉദ്ദേശം നാം അറിയേണ്ടതുണ്ട്. ഭൂമിയെയും ഭൂമിയിലുള്ള നദികളെയും നാം ഉപയോഗിക്കേണ്ട വിധത്തിൽ ഉപയോഗിക്കണം. അല്ലെങ്കിൽ അനന്തരഫലം അപകടകരമായിരിക്കും. മനുഷ്യജീവിതത്തിനു തന്നെ അത് ഹാനികരമാകുന്നു.

മാറിക്കൊണ്ടിരിക്കുന്ന മനുഷ്യജീവിതം തന്നെയാണ് ആ സംഭവങ്ങൾക്കു മുഖ്യകാരണം. ആളുകൾ വിശ്വസിച്ചാലും ഇല്ലെങ്കിലും അതാണ് യാഥാർത്ഥ്യം. പ്രപഞ്ചത്തിന്റെ നിലനിൽപു തന്നെ അപകടത്തിലാക്കുംവിധം മനുഷ്യജീവിതം അധഃപതിച്ചുകൊണ്ടിരിക്കുന്നു. ഓരോ അവസരത്തിനും ദൈവം നൽകുന്ന മുന്നറിയിപ്പ് മനുഷ്യരുടെ ജീവിതം ശരിയാക്കുന്നതിനുവേണ്ടിയാണ്. ജനങ്ങൾ തങ്ങളുടെ തെറ്റുകൾ മനസ്സിലാക്കി മാനസാന്തരപ്പെട്ട് ദൈവത്തിങ്കലേക്ക് തിരിയണം. തങ്ങളുടെ സ്വന്തഇച്ഛപ്രകാരമുള്ള ജീവിതം മാറ്റണം. ദൈവത്തിന്റെ നിർദ്ദേശപ്രകാരമുള്ള ജീവിതമാണ് നിത്യനായ ദൈവം നമ്മിൽ നിന്നു പ്രതീക്ഷിക്കുന്നത്. അതുകൊണ്ട് ഓരോരുത്തനും ഈ ഭൂമിയിൽ ജീവിക്കുന്ന നാളൊക്കെയും ജീവനുള്ള ദൈവത്തെ അറിഞ്ഞ് അവനെ വിശ്വസിച്ച് അനുസരിച്ച് വേണം കഴിയുവാൻ.

ഏതൊരു പൗരന്റെയും കടമ അവൻ ആയിരിക്കുന്ന രാജ്യത്തിലെ നിയമ വ്യവസ്ഥകൾക്ക് അധീനമായിരിക്കുന്നു. ദൈവത്തിന്റെ ഭരണം ആഗ്രഹിക്കുന്ന ഓരോരുത്തരിലും അവൻ അവരുടെ ഹൃദയങ്ങളിൽ വസിച്ച് വാഴുവാൻ ആഗ്രഹിക്കുന്നു. നമ്മുടെ നിലനിൽപ് ദൈവത്തെ ആശ്രയിച്ചാണിരിക്കുന്നത്. ദൈവത്തെയും ദൈവ

ത്തിന്റെ നിയമങ്ങളെയും മാനിക്കാതെ ജീവിക്കുന്നവർ കഷ്ടതയിലും പ്രയാസത്തിലും ആയിരിക്കും. ദൈവത്തിന്റെ കോപം നിമിത്തമാണ് ആളുകൾ ഇങ്ങനെ ദുരിതം അനുഭവിക്കേണ്ടിവരുന്നത്. അതിന് ഉത്തരവാദികൾ നാം തന്നെയാണ്. ആരെയും അതിനു പഴിച്ചിട്ടു കാര്യമില്ല. നമ്മുടെ അകൃത്യങ്ങൾ നിമിത്തമാണ് ദൈവം കോപിക്കുന്നത്. ദൈവകോപമാണ് നാം ശിക്ഷിക്കപ്പെടുവാൻ കാരണം. എല്ലാവർക്കും ശിക്ഷയിൽനിന്ന് വിടുതൽ ആവശ്യമാണ്. ദൈവം അതിന് സന്നദ്ധനുമാണ്. പക്ഷെ നാം അതിനുമനസ്സുവെക്കണമെന്നു മാത്രം.

✶

# കർത്താവിന്റെ പ്രാർത്ഥന

## J.C. ചോട്ട്

കർത്താവിന്റെ പ്രാർത്ഥന എന്നു പറഞ്ഞു കേട്ടിട്ടുണ്ടോ? യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കിടയിൽ പറഞ്ഞു കേൾക്കാറുള്ള ഒന്നാണ് കർത്താവിന്റെ പ്രാർത്ഥന. അവർ തങ്ങളുടെ ആരാധനയിലും പാട്ടിലും ഇതുപയോഗിച്ചുവരുന്നുണ്ട്. ഈ വിധത്തിൽ അതുപയോഗിക്കാത്തവരെ അവർ ചോദ്യം ചെയ്യുകയോ വിമർശിക്കുകയോ ചെയ്യാറുണ്ട്. അതിന്റെ വിശദാംശത്തിലേക്കു നമുക്കു കടക്കാം.

മത്തായി ആറാം അദ്ധ്യായത്തിലാണ് "കർത്താവിന്റെ പ്രാർത്ഥന" എന്ന പേരിൽ അറിയപ്പെടുന്നതു വിവരിച്ചിരിക്കുന്നത്. അവിടെ യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞതു: നിങ്ങൾ ഈ വണ്ണം പ്രാർത്ഥിപ്പിൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ, നിന്റെ രാജ്യം വരേണമേ; ഞങ്ങൾക്കു ആവശ്യമുള്ള ആഹാരം ഇന്നു തരേണമേ; ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ; ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദുഷ്ടങ്കൽ നിന്നു ഞങ്ങളെ വിടുവിക്കേണമേ; രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതല്ലോ (മത്തായി 6:9-13).

ഈ പ്രാർത്ഥനയെ സംബന്ധിച്ച് വെറും വ്യത്യാസം എടുത്തു

കാണിക്കാൻ വേണ്ടി വിവരിക്കുന്ന ഒരു വിവരണമല്ല നമ്മുടേത്. നിഷേധാത്മകമായോ വിമർശനാത്മകമായോ ആളുകളെ കാണുകയുമല്ല ഞങ്ങളുടെ ലക്ഷ്യം. എങ്കിലും ഇതു കർത്താവിന്റെ പ്രാർത്ഥനയല്ല എന്ന സത്യം തുറന്നു പറയട്ടെ. കർത്താവിന്റെ പ്രാർത്ഥന എന്ന രീതിയിൽ അതു കണക്കാക്കണമെന്ന ഉദ്ദേശവും യേശുവിനില്ലായിരുന്നു. വചനം ഒരിക്കലും ഇതു കർത്താവിന്റെ പ്രാർത്ഥന എന്ന രീതിയിൽ പഠിപ്പിക്കുന്നില്ല. എന്നാൽ ഈ വാക്യങ്ങളുടെ ഉദ്ദേശം എന്താണ്? എന്തിനുവേണ്ടിയാണ് കർത്താവു അതു പഠിപ്പിച്ചത്?

ഈ സന്ദർഭത്തിൽ ക്രിസ്തു, ശിഷ്യന്മാരെ ആരാധന എങ്ങനെയായിരിക്കണം എന്നു പഠിപ്പിക്കുന്നു. ആരാധനയുടെ ഭാഗമാണല്ലോ പ്രാർത്ഥന. ആദ്യം അവൻ കപട വിശ്വാസികളുടെ വഴിപാടുകളിൽ അടങ്ങിയ ഉദ്ദേശത്തെ കുറ്റപ്പെടുത്തുന്നുണ്ട്. ഭിക്ഷ കൊടുക്കുന്നവരിൽ അധികം പേരും മനുഷ്യരെ കാണിക്കേണ്ടതിനു എല്ലാവരും കാണത്തക്കവണ്ണം ആണ് കൊടുക്കുന്നത്. ചിലർ ദാനങ്ങൾ, സംഭാവനകൾ എന്നിവ കൊടുക്കുന്നതിനു മുൻപ് കാഹളം ഊതി ആളുകളെ വിളിച്ചറിയിക്കാറുണ്ട്. ഇതു മനസ്സിലാക്കിയ യേശു അവരെ പഠിപ്പിച്ചതു: അവർ ചെയ്യുന്നതു രഹസ്യത്തിലായാൽ അതു കാണുന്ന പിതാവു അതിനു പ്രതിഫലം പരസ്യമായി നല്കും. ഇടതുകൈ ചെയ്യുന്നതു വലതു കൈ അറിയരുതെന്നാണ് കർത്താവു പറഞ്ഞതു.

തന്നെയുമല്ല, പരസ്യമായി, ദീർഘമായിട്ടും ആവർത്തിച്ചും ഉച്ചത്തിൽ പ്രാർത്ഥിക്കുന്നവരുടെ തെറ്റും യേശു ചൂണ്ടി കാണിക്കുന്നുണ്ട്. അവർ മനുഷ്യരെ കേൾപ്പിക്കേണ്ടതിനു വൃഥാ ജല്പനം ചെയ്യുന്നതു എന്നാണ് കർത്താവു പറഞ്ഞത്. അവൻ അവരോടു പറഞ്ഞതു: നീയോ അറയിൽ കടന്നു വാതിൽ അടെച്ചു രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർത്ഥിക്ക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിനക്കു പ്രതിഫലം തരും. പ്രാർത്ഥിക്കയിൽ നിങ്ങൾ ജാതികളെപോലെ ജല്പനം ചെയ്യരുത്. അതിഭാഷണത്താൽ ഉത്തരം കിട്ടും എന്നല്ലോ അവർക്കു തോന്നുന്നത്. നിങ്ങൾക്കു ആവശ്യമുള്ളതു എന്തെന്നു നിങ്ങൾ യാചിക്കുന്നതിനു മുൻപു തന്നെ ദൈവത്തിനറിയാമല്ലോ.

ഇതെല്ലാം പറഞ്ഞശേഷം യേശു, തന്റെ ശിഷ്യന്മാരെ പ്രാർത്ഥിക്കേണ്ടതു എങ്ങനെ എന്നു പഠിപ്പിക്കുന്നുണ്ട്. ഇതു കർത്താവിന്റെ പ്രാർത്ഥനയായിരുന്നില്ല; മറിച്ച്, ഒരു മാതൃകാ പ്രാർത്ഥനയായിരുന്നു. കർത്താവു പറഞ്ഞതു അതു തന്നെയാണ്. ഇതുപോലെ പ്രാർത്ഥിപ്പിൻ എന്നാണ്. കർത്താവിന്റെ പ്രാർത്ഥന എന്നതു വാസ്തവത്തിൽ നമുക്കു യോഹന്നാൻ പതിനേഴാം അദ്ധ്യായത്തിൽ കാണുന്നുണ്ട്. തന്റെ ശിഷ്യന്മാർ ഐകമത്യത്തിൽ തന്നെ നിലനില്ക്കേണ്ടതിനും തന്നിൽ വിശ്വസിപ്പാനിരിക്കുന്നവർ ഒന്നായിരിക്കേണ്ടതിനും കർത്താവു പ്രാർത്ഥിക്കുന്നുണ്ട്. ലോകത്തുള്ള ആളുകൾ യേശു ക്രിസ്തുവിൽ വിശ്വസിക്കേണ്ടതിനു അവരെല്ലാവരും ഒന്നായിരിക്കണം. അതായിരുന്നു ക്രിസ്തുവിന്റെ പ്രാർത്ഥന.

മത്തായി ആറാം അദ്ധ്യായത്തിലെ പ്രാർത്ഥന കർത്താവിന്റെ പ്രാർത്ഥനയല്ലെന്നതിനു പുറമെ നാം അതു പ്രാർത്ഥിക്കണമെന്നും അവൻ ആഗ്രഹിച്ചിരുന്നില്ല. ആ ഭാഗം താഴോട്ടു വായിച്ചാൽ അതു ആ കാലത്തിനു യോജിച്ച ഒന്നായിരുന്നു എന്നു മനസ്സിലാകും. അതു മുഴുവൻ പരിശോധിച്ചാൽ നമ്മുടെ കാലത്തിനുള്ളതല്ലെന്നു വ്യക്തമാകും. എന്തുകൊണ്ടാണ് എന്നതിനു ചില കാരണങ്ങൾ നമുക്കു പരിഗണിക്കാം.

1. യോഹന്നാൻ 14:13 വായിച്ചാൽ കർത്താവിന്റെ പ്രസ്താവനയനുസരിച്ച് സ്വർഗ്ഗാരോഹണശേഷം തന്റെ രാജ്യം അവൻ സ്ഥാപിക്കും എന്നരുളപ്പാടുണ്ടായിരുന്നല്ലോ. തന്നെയുമല്ല, ശിഷ്യന്മാരോടു പ്രാർത്ഥിക്കാൻ അന്നു ആവശ്യപ്പെടുമ്പോൾ സ്വർഗ്ഗസ്ഥനായ പിതാവിനോടു പ്രാർത്ഥിക്കാനാണ് ആവശ്യപ്പെടുന്നത്. ക്രിസ്തുവിന്റെ നാമത്തിൽ പ്രാർത്ഥിക്കണമെന്നു പറഞ്ഞിരുന്നില്ല.

2. കർത്താവു തന്റെ ആത്മിയ രാജ്യം സ്ഥാപിക്കുന്നതിനു മുൻപാണ് മത്തായി ആറാം അദ്ധ്യായത്തിൽ പ്രാർത്ഥിക്കാൻ പഠിപ്പിക്കുന്നത്. രാജ്യത്തെ കുറിച്ച് പ്രവചിക്കയും വാഗ്ദാനം ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ അതു വരേണ്ടിയിരുന്നു. അതുകൊണ്ടാണ് അവന്റെ രാജ്യം വരേണമേ എന്നു പ്രാർത്ഥിക്കാൻ പഠിപ്പിച്ചത്. ഇന്നു നമ്മുടെ കാലത്തു ആ പ്രസ്താവന അനുയോജ്യമല്ല. കാരണം, യേശു മരിച്ച്, ഉയിർത്തെഴുന്നേറ്റശേഷം അധിക നാൾ കഴിയുന്നതിനു മുൻപ് ദൈവരാജ്യമായ അവന്റെ സഭ ആരംഭിച്ചു

കഴിഞ്ഞു. എ.ഡി. 33-ൽ അതു യെരുശലേമിൽ ആണ് ആരംഭിച്ചത്.

ക്രിസ്തുവിൽ വിശ്വസിക്കുന്ന പലരും ഇതു കർത്താവിന്റെ പ്രാർത്ഥനയെന്ന ധാരണയാൽ വാക്കു തെറ്റാതെ ആവർത്തിച്ചാവർത്തിച്ച് ദിവസവും ഉരുവിടുന്നുണ്ട്. കർത്താവിന്റെ രാജ്യം ആരംഭിച്ച് രണ്ടായിരം വർഷം കഴിഞ്ഞിട്ടും രാജ്യം വരേണമേ എന്നു ഇന്നും പ്രാർത്ഥിക്കുന്നതു അനുചിതം തന്നെയാണ്. ഒരാൾ തനിക്കു ഒരു ഭാര്യയെ കിട്ടേണം എന്നു പ്രാർത്ഥിച്ച് ഭാര്യ ലഭിച്ചു വർഷങ്ങൾക്കുശേഷവും ഒരു ഭാര്യയെ കിട്ടേണമേ എന്നു പ്രാർത്ഥിച്ചാൽ അതു തെറ്റെന്നല്ലാതെ എന്തു പറയാനാണ്? അതുപോലെ തന്നെയാണ്, വന്നുകഴിഞ്ഞ രാജ്യം ഇനിയും വരേണമേ എന്നു പ്രാർത്ഥിക്കുന്നത്. രാജ്യത്തിന്റെ വ്യാപ്തിക്കും വളർച്ചക്കും വേണ്ടി പ്രാർത്ഥിക്കാം.

മാതൃകാ പ്രാർത്ഥനയിലെ ശേഷം ഭാഗങ്ങൾ ചുരുങ്ങിയതും കാര്യമാത്ര പ്രസക്തവുമാണ്. ഭൗതികമായ ആവശ്യങ്ങൾ ഓരോരുത്തരും ദൈവത്തോടു അറിയിക്കണം. പ്രാർത്ഥിക്കുന്നയാൾ, തനിക്കെതിരെ സംഭവിച്ച പാപങ്ങൾ ക്ഷമിക്കാൻ തയ്യാറാകണം. എങ്കിൽ മാത്രമെ സ്വർഗ്ഗസ്ഥനായ പിതാവ് അയാളുടെ തെറ്റു പൊറുക്കയുള്ളൂ.

ഈ പ്രാർത്ഥനയിൽ പറഞ്ഞിരുന്ന കാര്യങ്ങൾ ശിഷ്യന്മാരുടെ കാലത്തിനു യോജിച്ചതായിരുന്നെങ്കിലും ചില മാതൃകാ പാഠം നമ്മെ അതു പഠിപ്പിക്കുന്നുണ്ട്. നാം അതു വാക്യാനുസാരമായി ആവർത്തിക്കാതെ അവയുടെ അർത്ഥം മനസ്സിലാക്കി, ഉള്ളടക്കം ശ്രദ്ധയോടെ നോക്കി മനസ്സിലാക്കണം. ജല്പനം യേശു ഇഷ്ടപ്പെടുന്നില്ല. നമ്മുടെ ഹൃദയത്തിൽ നിന്നുള്ള ആത്മാർത്ഥമായതാകണം പ്രാർത്ഥന. വെറും ഒരു ചടങ്ങായി അതു മാറരുത്. ഈ പ്രാർത്ഥന അതുപോലെ തന്നെ ചൊല്ലുന്ന വ്യക്തിയായാലും സമൂഹമായാലും വചനത്തിലുള്ള അജ്ഞത നിമിത്തമാണ് അതു ചെയ്യുന്നത്.

ക്രിസ്തുവിന്റെ നിയമത്തിൻകീഴിലാണല്ലോ നാം ഇന്നു ജീവിക്കുന്നത്. നമ്മളും പ്രാർത്ഥിക്കേണ്ട മാതൃക പ്രാർത്ഥനകൾ ഉണ്ട് (പ്രവൃത്തി 2:42; 1 തെസലൊനിക്യർ 5:17; ഫിലിപ്പിയർ 4:6; യാക്കൊബ് 5:16). ദൈവമക്കൾക്കാണ് പ്രാർത്ഥിക്കുവാനുള്ള അവകാശം ഉള്ളത്. പിതാവിന്റെ ഇഷ്ടം അനുസരിച്ച് പ്രാർത്ഥിച്ചാൽ നമ്മുടെ പ്രാർത്ഥ

നക്കു മറുപടി ലഭിക്കും (1 യോഹന്നാൻ 5:14, 15). അവന്റെ വാഗ്ദാനത്തിനെതിരായോ അവനിഷ്ടമില്ലാത്ത ഏതെങ്കിലും ഒന്നോ നാം ചോദിക്കരുത്. നമ്മുടെ ആവശ്യങ്ങൾ അറിഞ്ഞുകൊണ്ട്, ദൈവത്തെ മഹത്വപ്പെടുത്തി ഭൗതികമായും ആത്മികമായും ദൈവാനുഗ്രഹങ്ങൾ ക്രിസ്തുവിന്റെ നാമത്തിൽ നാം അപേക്ഷിക്കണം.

✶

# ബൈബിൾ ഉത്തരം നല്കട്ടെ

## റോബർട്ട് എം

പല ചോദ്യങ്ങൾക്കും നാം സ്വയം ഉത്തരം കണ്ടെത്തി തൃപ്തിയടയുന്നു എന്നതു പരമാർത്ഥമാണ്. വാസ്തവത്തിൽ ഏതൊരു സംശയ നിവാരണത്തിനും അത്യന്തികമായി നാം ചോദിക്കേണ്ടതു ദൈവത്തോടാണ്. അപ്പോൾ നമുക്കു ശരിയായ സംശയത്തിന്റെ നിവാരണം വരുത്തുവാൻ കഴിയും. എഫെസ്യർ 4:6-ലെ 'ദൈവം ഒന്ന്' എന്ന പ്രയോഗത്തിന്റെ പ്രാധാന്യം എന്താണ്? ഐക്യത ആഗ്രഹിക്കുന്ന ഒരാൾ അവശ്യം അറിഞ്ഞിരിക്കേണ്ട ഏഴ് ഏകത്വത്തെ കുറിച്ച് പരിശുദ്ധാത്മ നിയോഗത്താൽ അപ്പൊസ്തലൻ എഴുതുകയാണ്. ആ ഭാഗത്തിന്റെ അവസാനം പൗലൊസ് പറഞ്ഞിരിക്കുന്നതു: എല്ലാവർക്കും മീതെയുള്ളവനും എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും എല്ലാവരിലും ഇരിക്കുന്നവനുമായി എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ എന്നാണ് (എഫെസ്യർ 4:6). ആത്മികമായ ഐക്യത സമാധാനബന്ധത്തിൽ സൂക്ഷിക്കുവാൻ പര്യാപ്തമാണ് ഇവ.

നിത്യജീവന്നായുള്ള പ്രത്യാശ ഒന്നു മാത്രമാണുള്ളത്. ഒരാൾക്കു അവസാനത്തോളവും ഉറച്ചു നില്ക്കുവാൻ പ്രേരിപ്പിക്കുന്നതു അന്ത്യഫലത്തെ കുറിച്ചുള്ള ബന്ധമാണ്. എന്നാൽ പ്രത്യാശയുടെ കാഴ്ചപ്പാട് നഷ്ടപ്പെടുന്നവർ അവരുടെ വിശ്വാസക്കപ്പൽ താഴ്ത്തികളയും. ഒരാളുടെ വിശ്വസ്തതക്കു ഭംഗം നേരിടുമ്പോൾ അയാൾക്കു ദൈവവുമായുള്ള ബന്ധം നഷ്ടമാകുന്നു. ചിലരുടെ പ്രത്യാശ ക്ഷണഭംഗുരമായ വസ്തുക്കളിലാണ്. ലൗകികമായ നേട്ടങ്ങളിൽ ആശവെച്ചു കഴിയുന്നവർ നിരവധിയാണ്. വേറെ ചിലർ രാഷ്ട്രീയശക്തിയായി

തീരാൻ ഉദ്യമിച്ച് കാത്തിരിക്കുന്നു. കുപ്രചാരത്തിനായി സാഹസികത പ്രവർത്തിച്ച് കാത്തിരിക്കുന്നവരുമുണ്ട്. സൂര്യനു കീഴിലുള്ള എന്തിലും ആശ വെച്ച് കഴിയുന്നവരാണ് മനുഷ്യരിൽ ചുരുക്കം. ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ച് അയാളുടെ പ്രത്യാശ നിത്യജീവനാണ്. സ്വർഗ്ഗീയ നഗരത്തിനായി കാത്തിരുന്ന അബ്രഹാമിനെപോലെയാണവർ (എബ്രായർ 11:10–16).

പ്രത്യാശയിൽ അടങ്ങിയിരിക്കുന്നതു ആശയും പ്രതീക്ഷയുമാണ്. ആഗ്രഹമില്ലാത്ത മനുഷ്യരില്ലല്ലോ. പ്രതീക്ഷയില്ലാത്തവരും ചുരുക്കമായിരിക്കും. ലക്ഷ്യത്തിൽ നിന്നു വ്യതിചലിപ്പിക്കുന്ന കാഴ്ച്ചപ്പാടായിരിക്കരുത് ഒരു ദൈവപൈതലിന്റേ. തന്റെ ജീവിതത്തിൽ മുൻഗണനാക്രമം ആത്മികമായിരിക്കണം. ആദ്യം ദൈവം, പിന്നെ അവന്റെ രാജ്യവും നീതിയും. ഇങ്ങനെയായിരിക്കണം നാം കാര്യങ്ങളെ വിവേചിച്ച് പ്രവർത്തിക്കുവാൻ (ഫിലിപ്പിയർ 3:14; 1 പത്രൊസ് 1:3–6). അവന്റെ ലക്ഷ്യം സ്വർഗ്ഗമായിരിക്കും. അതിനുവേണ്ടി അവസാനത്തോളം പ്രവർത്തിച്ചാൽ ലഭിക്കുക തന്നെ ചെയ്യും. കാരണം ദൈവം വാഗ്ദാനം ചെയ്തിട്ടുണ്ട് (യോഹന്നാൻ 14:1–3; 1 പത്രൊസ് 1:3–4; കൊലൊസ്യർ 1:5).

ജാതികളുടെ അപ്പൊസ്തലൻ എന്ന് അറിയപ്പെടുന്ന പൗലൊസ് എഫേസ്യയിലുള്ളവർക്കുള്ള പ്രബോധനത്തിൽ പറയുന്നതു ഏക പ്രത്യാശക്കായി നിങ്ങളെ വിളിച്ചിരിക്കുന്നു എന്നാണ്. സുവിശേഷത്താലാണ് ദൈവം ഓരോരുത്തരെ വിളിക്കുന്നത് (2 തെസലൊനിക്യർ 2:14). സുവിശേഷത്തിൽ ഉൾക്കൊണ്ടിരിക്കുന്ന പ്രത്യാശ നിത്യജീവൻ തന്നെയാണ്. സ്വർഗ്ഗത്തിൽ നമുക്കു നമ്മുടെ ദൈവവുമായി എന്നേക്കും വസിക്കാം (തീത്തൊസ് 3:7; 1 തെസലൊനിക്യർ 5:8).

ഈ പ്രത്യാശ നമ്മെ രക്ഷിക്കുന്ന ഒന്നാണ് (റോമർ 8:24). ഒരാൾ തന്റെ സ്വർഗ്ഗീയ ലക്ഷ്യം മുൻനിർത്തി ജീവിച്ചാൽ ആത്മാവിന്റെ നങ്കൂരമായി പ്രത്യാശ നിലകൊള്ളുന്നു (എബ്രായർ 6:19). ലോകം നശ്വരമായ പല മോഹങ്ങളിലേക്കും നമ്മെ ആകർഷിക്കുന്നുണ്ട് (മത്തായി 6:19–21). എന്നാൽ ഒരിക്കലും വാടിപോകാത്തതും അനശ്വരവുമായതുമാണ് സ്വർഗ്ഗം (1 പത്രൊസ് 1:4). പോരാടി നേടേണ്ടതായ ഈ അവകാശം വളരെ വിലമതിക്കുന്നതാണ്; ഒരു കിരീടവുമാണ്. നാം വാഞ്ഛയോടെ സൂക്ഷിക്കേണ്ട ഒരു ലക്ഷ്യമാണ്

പ്രത്യാശ. വിശ്വസ്തരെയാണ് ദൈവം രക്ഷിക്കുന്നത് (വെളിപ്പാട് 2:10; 2 പത്രൊസ് 2:20-22). നാം പ്രത്യാശയാൽ രക്ഷിക്കപ്പെടുന്നു. കാണുന്നതു താല്ക്കാലികവും കാണാത്തതു നിത്യവുമാണ്. കാണുന്നതിനായി നാം പ്രത്യാശിക്കേണ്ടതില്ല; കാണാത്തതിനായി നാം ആശയോടെ കാത്തിരിക്കുന്നു.

ക്രിസ്ത്യാനികൾക്കു ദൈവം നൽകുന്ന പ്രത്യാശ എന്നു പറയുമ്പോൾ തെറ്റിദ്ധരിക്കരുത്. ആർക്കും എപ്പോഴും ക്രിസ്തുവിൽ വിശ്വസിക്കുവാനും അവന്റെ കൽപനകൾ പ്രമാണിക്കുവാനും കഴിയും. അതിനു തീരുമാനമെടുക്കേണ്ടതു ഓരോ വ്യക്തിയുമാണ്. അതായതു തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം ദൈവം ആരിൽ നിന്നും എടുത്തു കളഞ്ഞിട്ടില്ല. പലരും അതു ശരിയായി ഉപയോഗിക്കുന്നില്ല എന്നതാണ് പരമാർത്ഥം. ദൈവത്തിൽനിന്നു ലഭിക്കുവാനുള്ള നന്മകളെ അവഗണിക്കുന്നതു അജ്ഞതകൊണ്ടാണ്. ഇന്നത്തെ മതാനുഷ്ഠാനങ്ങൾ ദൈവകല്പനകളുമായി ബന്ധമില്ലാതെയാണിരിക്കുന്നത്. മതാദ്ധ്യക്ഷന്മാർക്കു വേദപരിജ്ഞാനമില്ലാത്തതാണ് കാരണം. അന്ധമായി സമുദായങ്ങളെ പിൻപറ്റുന്നവർ വേദപുസ്തക സത്യത്തെ പരിശോധിക്കുന്നില്ല. ഫലമോ അവസാനം ദൈവത്തിൽ നിന്നു ഒന്നും ലഭിക്കാതെ വരുന്നു. ഈ ആയുസിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വെച്ചിരിക്കുന്നവർക്കു വരുവാനുള്ള ലോകത്തിൽ നിരാശ അനുഭവപ്പെടും.

ക്രിസ്തുവിനെ അനുഗമിക്കുന്നവർക്കു നിത്യജീവൻ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട് (തീത്തോസ് 1:2; 3:5). നാം അതിനെ ആഗ്രഹിക്കയും പ്രതീക്ഷിച്ചിരിക്കയും ചെയ്യുന്നു. ഇപ്പോഴും നാം അതു തിരിച്ചറിഞ്ഞിട്ടില്ല. കാരണം പ്രാപിക്കാനിരിക്കുന്നേയുള്ളു. വരുവാനുള്ള ലോകത്തിൽ കർത്താവു നമുക്കു ഒരു ഭവനം വാഗ്ദാനം ചെയ്തിരിക്കുന്നു. അന്ത്യത്തോളം നാം അവനിൽ വിശ്വസ്തരായി ജീവിച്ചാൽ ദൈവം വാഗ്ദാനം ചെയ്തതു നമുക്കു ലഭിക്കും. ദൈവം ഭോഷ്ക്കു പറയുന്നവനല്ല (എബ്രായർ 6:18). ന്യായവിധി നാളിൽ നമുക്കതു തിരിച്ചറിയാം (1 യോഹന്നാൻ 2:25; മർക്കൊസ് 10:28-30).

✶

# സോദോമിന്റെ പാപം

## ജോൺ. ജി

മനുഷ്യരെ എപ്പോഴും കാർന്നു തിന്നുന്ന രോഗമാണല്ലോ പാപം. ഒന്നാം നൂറ്റാണ്ടിലും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. അന്നത്തെ ജാതികൾ അന്യദേവന്മാരെ വണങ്ങിയിരുന്നതുമാത്രമല്ല അവർ എല്ലാ മേഖലകളിലും ദുഷ്ടത നിറഞ്ഞവരായിരുന്നു. സത്യ ദൈവത്തെ വിശ്വസിക്കുവാൻ അവർ കൂട്ടാക്കിയില്ല. അവർ വിഗ്രഹങ്ങളെ ഉണ്ടാക്കി അവയെ നമസ്ക്കരിച്ചുവന്നു. അതുകൊണ്ടു ദൈവം അവരെ അശുദ്ധിക്കായി അവരുടെ ഹൃദയങ്ങളിലെ മോഹങ്ങൾക്ക നുസരിച്ച് ശരീരങ്ങളെ അപമാനത്തിനായി ഏല്പിച്ചു കൊടുത്തു (റോമർ 1:20-24). സ്വയഭോഗം എന്ന തലതിരിഞ്ഞ പാപം ചെയ്യുന്ന അവസ്ഥയിലേക്കു അവർ തരം താണു. അക്കാരണത്താൽ അവർ അന്യോന്യം ആണോടു ആണും പെണ്ണോടു പെണ്ണും അവലക്ഷ ണമായി പ്രവർത്തിക്കുവാൻ തുടങ്ങി. പ്രകൃതി വിരുദ്ധമായ ജഢിക മോഹമായിരുന്നു അവരുടേത്. കാമവികാരങ്ങൾക്കു അടിമപ്പെട്ടു ലജ്ജിക്കത്തക്ക രീതിയിൽ ആയി തീർന്നു അവരുടെ ജീവിതം. അങ്ങനെ അവരുടെ തെറ്റിന്റെ ശിക്ഷ അവർ അനുഭവിക്കേണ്ടിയി രുന്നു (റോമർ 1:26-27).

സ്വയഭോഗം അത്ര തെറ്റല്ല, പാപമല്ല എന്നൊക്കെ പറയുന്നവർ ഉണ്ട്. ലൈംഗിക ബന്ധത്തിനു ഏതാണ് ശരി, ഏതാണ് തെറ്റ് എന്നു നമ്മുടെ കർത്താവു പറഞ്ഞിട്ടുണ്ട്. "അതിനു അവൻ: സൃഷ്ടിച്ച വൻ ആദിയിൽ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു എന്നും, അതുനിമിത്തം മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു ഭാര്യ യോടു പറ്റിച്ചേരും; ഇരുവരും ഒരു ദേഹമായി തീരും എന്നു അരു ളിച്ചെയ്തു എന്നും നിങ്ങൾ വായിച്ചിട്ടില്ലയോ? അതുകൊണ്ടു അവർ മേലാൽ രണ്ടല്ല, ഒരു ദേഹമത്രെ; ആകയാൽ ദൈവം യോജിപ്പിച്ച തിനെ മനുഷ്യൻ വേർപിരിക്കരുത് എന്നു ഉത്തരം പറഞ്ഞു (മത്തായി 19:4-6).

ഒരേ തരത്തിലുള്ള ലിംഗത്തിൽ പെട്ടവർ തമ്മിൽ ലൈംഗിക ബന്ധം പുലർത്തുന്നതിനെ അംഗീകരിക്കുന്ന നാമധേയ വിഭാഗങ്ങ ളിലെ അദ്ധ്യക്ഷന്മാർ ഉണ്ട്. സ്വയഭോഗത്തെ അവർ സാധാരണ

ജനങ്ങളിൽ അനുവദിക്കുന്നതു കൂടാതെ ചിലരുടെ അദ്ധ്യക്ഷന്മാർ പോലും ഇത്തരം ജീവിതം നയിക്കുന്നവരാണ് എന്നു കേട്ടാലോ എന്തായിരിക്കും സ്ഥിതി? അതു പാപമാണെന്നും അതിൽ നിന്നു തിരിഞ്ഞു മാനസാന്തരപ്പെട്ടു ദൈവ കല്പനകളിൽ ഒതുങ്ങി ജീവിക്കണമെന്നുമാണ് അവരോടു പറയുവാനുള്ളത്. കാരണം ദൈവ സന്നിധിയിൽ അതു പാപമാണ്. പാപം ചെയ്തുകൊണ്ടു ദൈവത്തെ സമ്മതിപ്പിക്കാമെന്നു ആരും കരുതേണ്ട.

തെറ്റും ശരിയും വേർതിരിച്ച് കാണാതെ ആളുകൾ ഇന്നു കലക്കത്തിലാണ്. യെശയ്യാ പ്രവാചകന്റെ കാലത്തിൽ ജീവിച്ചിരുന്ന ആളുകളും അതുപോലെ ആയിരുന്നു. "തിന്മെക്കു നൻമ എന്നും നന്മെക്കു തിന്മ എന്നും പേർ പറകയും ഇരുട്ടിനെ വെളിച്ചവും വെളിച്ചത്തെ ഇരുട്ടും ആക്കുകയും കൈപ്പിനെ മധുരവും മധുരത്തെ കൈപ്പും ആക്കുകയും ചെയ്യുന്നവർക്കു അയ്യോ കഷ്ടം (യെശയ്യാവു 5:20). ചില ആളുകൾ; ചിലതു പാപമല്ല എന്നു പറഞ്ഞാൽ അതു പാപമല്ലാതാകയില്ല. അതുകൊണ്ടു സ്വയഭോഗം പാപം തന്നെയാണ്. അത്തരം പാപികൾ മാനസാന്തരപ്പെട്ടില്ലെങ്കിൽ അവർ നിത്യമായി നഷ്ടപ്പെടും എന്നതാണ് വാസ്തവം.

സ്വയഭോഗം ആദ്യമായി പരിശീലിക്കപ്പെട്ട പട്ടണമായിരുന്നു സോദോം. ഉല്പത്തി 19:4-7 വരെയുള്ള വേദഭാഗങ്ങളിൽ ആ പട്ടണത്തിന്റെ വഷളത്വം വിവരിച്ചിട്ടുണ്ട്. ചെറുപ്പക്കാരും പ്രായമായവരും ഒന്നടങ്കം ലോത്തിന്റെ അടുക്കൽ സന്ദർശകരായി വന്നവരെ ലൈംഗികമായി പീഡിപ്പിക്കുവാൻ ശ്രമിച്ചു. പഴയ നിയമ കാലയളവിൽ നടന്ന ഈ ലജ്ജാകരമായ സംഭവം നടന്നതു തന്നെ എന്നു ഓർമ്മിപ്പിക്കുന്നതാണ് പുതിയ നിയമ പുസ്തക വിവരണങ്ങൾ (മത്തായി 11:23-24; യൂദാ 7; 2 പത്രൊസ് 2:6-8). ഈ തലതിരിഞ്ഞ പട്ടണങ്ങളായ സോദോമിനേയും ഗൊമോറയെയും ദൈവം നശിപ്പിച്ചു. മറ്റു പാപങ്ങൾ ചെയ്തിരുന്ന പട്ടണത്തെ പോലെ തന്നെ ഈ പട്ടണങ്ങളും പാപത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കയാണ് (യെശയ്യാവ് 3:9; യിരെമ്മ്യാവ് 23:14; മത്തായി 11:23-24).

സീനായ് പർവ്വതത്തിൽ വെച്ച് ഇസ്രായേൽ ജനത്തിനു ദൈവം നൽകിയ ന്യായപ്രമാണത്തിൽ സ്വവർഗ്ഗരതി നിഷിദ്ധമെന്നു കല്പിച്ചിരുന്നു. സ്ത്രീ സ്ത്രീയോടും പുരുഷൻ പുരുഷനോടും രതിക്രിയ

നടത്തുന്നതു അവരുടെ ശരീരങ്ങളെ അശുദ്ധമാക്കും (ലേവ്യാപു സ്തകം 18:22-24). സ്ത്രീയോടുകൂടെ ശയിക്കുന്നതുപോലെ ഒരുത്തൻ പുരുഷനോടുകൂടെ ശയിച്ചാൽ ഇരുവരും മ്ലേഛത ചെയ്തു; അവർ മരണശിക്ഷ അനുഭവിക്കേണം. അവരുടെ രക്തം അവരുടെ മേൽ ഇരിക്കും (ലേവ്യാപുസ്തകം 20:13). ഇസ്രായേൽ പുത്രിമാരിൽ ഒരു വേശ്യ ഉണ്ടാകരുത്; യിസ്രായേൽ പുത്രന്മാരിൽ പുരുഷ മൈഥുനക്കരും ഉണ്ടാകരുത്. വേശ്യയുടെ കൂലിയും നായുടെ വിലയും നിന്റെ യഹോവയായ ദൈവത്തിന്റെ ആലയത്തിലേക്കു യാതൊരു നേർച്ചയായിട്ടും കൊണ്ടു വരരുത്; ഇവ രണ്ടും നിന്റെ ദൈവമായ യഹോവക്കു അറെപ്പാകുന്നു (ആവർത്തനപുസ്തകം 23:17-18). സ്വവർഗ്ഗരതി നടത്തിയിരുന്ന വേശ്യമാരെ വിളിച്ചിരുന്നത് നായ്ക്കൾ എന്നാണ്. നായ്ക്കൾക്കു ദൈവരാജ്യം അവകാശമാക്കാൻ കഴിയില്ല (വെളിപ്പാട് 22:14-15).

അന്യായം ചെയ്യുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു അറിയുന്നില്ലയോ? നിങ്ങളെത്തന്നെ വഞ്ചിക്കാതിരിപ്പിൻ; ദുർന്നടപ്പുകാർ, വിഗ്രഹാരാധികൾ, വ്യഭിചാരികൾ, സ്വയഭോഗികൾ, പുരുഷകാമികൾ, കള്ളൻമാർ, അത്യാഗ്രഹികൾ, മദ്യപന്മാർ, വാവിഷ്ഠാണക്കാർ, പിടിച്ചുപറിക്കാർ എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല (1 കൊരിന്ത്യർ 6:9-10). സ്വയഭോഗികൾ രക്ഷിക്കപ്പെടുമോ? ഏതൊരു പാപിക്കും രക്ഷിക്കപ്പെടുവാൻ കഴിയുന്നതു പോലെ അവർക്കും സാധിക്കും (1 തിമൊഥെയൊസ് 2:4). എന്നാൽ അവർ മാനസാന്തരപ്പെട്ട് ദൈവപുത്രനായ ക്രിസ്തുവിലുള്ള വിശ്വാസം ഏറ്റു പറയണം; (റോമർ 10:10, 17; യോഹന്നാൻ 8:24). പിന്നീട് പാപമോചനത്തിനായി സ്നാനം ഏല്ക്കണം (റോമർ 6:3-4; പ്രവൃത്തികൾ 2:38). കൊരിന്ത്യയിൽ ക്രിസ്ത്യാനികളായി തീർന്നവർ ചിലർ അത്തരക്കാരായിരുന്നു. എന്നാൽ അവർ കഴുകി വിശുദ്ധീകരണം പ്രാപിച്ചു (1 കൊരിന്ത്യർ 6:11).

ആളുകൾ മാറുവാൻ മനസ്സുവെക്കണം. പാപ സംബന്ധമായ പരിശീലനം ഉപേക്ഷിക്കണം. പാപത്തെ കണ്ടില്ലെന്നു നടിക്കുവാനുള്ള സമ്മർദ്ദമാണ് സമൂഹത്തിൽ നിന്നു ക്രിസ്ത്യാനികൾക്കു നേരിടുന്നത്. അതു ദൈവസന്നിധിയിൽ കുറ്റകരമാണ്. പാപത്തിൽ നിന്നുള്ള മോചനം തിരിച്ചറിവുള്ള എല്ലാവർക്കും അനിവാര്യമാണ്.

ദൈവത്തെ അനുകരിക്കുകയാണ് എല്ലാവരും ചെയ്യേണ്ടതു. പാപത്തെ ദൈവം വെറുക്കുന്നു. അതേ സമയം അതിൽ നിന്നു വിട്ടു തിരിയുമ്പോൾ ദൈവം അങ്ങനെയുള്ളവരെ സ്നേഹിക്കും.

✶

## ദൈവത്തോടുള്ള നിരപ്പ്

### ജെ.കെ. ഗോസെറ്റ്

ഒന്നിലധികം വ്യക്തികൾക്കു തമ്മിൽ ഉണ്ടാകുന്ന വേർപാട് ഒഴിവാക്കേണ്ടതു അത്യാവശ്യമാണ്. വിച്ഛേദിക്കപ്പെട്ട ബന്ധം പുനഃസ്ഥാപിച്ചില്ലെങ്കിൽ അതു ഇരുപക്ഷത്തിനും സന്തോഷിക്കുവാൻ കഴിയുകയില്ല. ദൈവവും മനുഷ്യരും തമ്മിൽ ഉള്ള ബന്ധത്തിനു ഉലച്ചിൽ തട്ടുന്നതു ഉടമ്പടി ലംഘിക്കുമ്പോഴാണ്. ഭൗതികമായി രണ്ടുപേർ തമ്മിലുള്ള കരാർ നടപ്പിലാക്കുന്നതിൽ ഒരാൾ വീഴ്ച്ച വരുത്തിയാൽ അതു പ്രശ്നമായി തീരാറുണ്ട്. ദൈവത്തോടുള്ള ബന്ധം സ്ഥിരമായിരിക്കേണ്ടതിനു മനുഷ്യർക്കു ദൈവം കല്പനകൾ കൊടുത്തു. പക്ഷെ അതു പാലിക്കുവാൻ അവർ കൂട്ടാക്കാതെ ധിക്കരിക്കുന്നു. ഇതാണ് ദൈവത്തിനും മനുഷ്യർക്കും ഇടയിലുള്ള പ്രശ്നം. ഈ വിയോജിപ്പ് പരിഹരിക്കുവാൻ ദൈവം മുൻകയ്യെടുക്കുകയാണ് ചെയ്തത്. അതിന്നായി അവൻ ഒരു പദ്ധതി രൂപീകരിച്ചു.

അപ്പൊസ്തലനായ പൗലൊസ് കൊരിന്ത്യർക്കു ലേഖനം എഴുതുമ്പോൾ ഓർപ്പിക്കുന്നതു: ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു; പഴയതു കഴിഞ്ഞുപോയി. ഇതാ അതു പുതുതായി തീർന്നിരിക്കുന്നു. അതിന്നൊക്കെയും ദൈവം തന്നേ കാരണഭൂതൻ. അവൻ നമ്മെ ക്രിസ്തുമൂലം തന്നോടു നിരപ്പിച്ച നിരപ്പിന്റെ ശുശ്രൂഷ ഞങ്ങൾക്കു തന്നിരിക്കുന്നു. ദൈവം ലോകത്തിനു ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചു പോന്നു. ഈ നിരപ്പിന്റെ വചനം ഞങ്ങളുടെ പക്കൽ ഭരമേല്പിച്ചുമിരിക്കുന്നു. ആകയാൽ ഞങ്ങൾ ക്രിസ്തുവിനുവേണ്ടി സ്ഥാനാപതികളായി ദൈവത്തോടു നിരന്നുകൊൾവിൻ എന്നു ക്രിസ്തുവിനു പകരം അപേക്ഷിക്കുന്നു. അതു ദൈവം ഞങ്ങൾ മുഖാന്തരം പ്രബോധിപ്പിക്കുന്നതുപോലെ ആകുന്നു. പാപം അറി

യാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിനു അവൻ നമുക്കുവേണ്ടി പാപം ആക്കി (2 കൊരിന്ത്യർ 5:18-21).

നിരപ്പാക്കുക എന്നതിനർത്ഥം വീണ്ടും സൗഹൃദത്തിലെത്തിക്കുക എന്നതാണ്. മുമ്പേ ദുഷ്പ്രവർത്തികളാൽ മനസുകൊണ്ടു അകന്നവരും ശത്രുക്കളായിരുന്ന നിങ്ങളെ അവന്റെ മുമ്പിൽ വിശുദ്ധരും നിഷ്ക്കളങ്കരും കുറ്റമില്ലാത്തവരുമായി നിറുത്തേണ്ടതിനു അവൻ ഇപ്പോൾ തന്റെ ജഡ ശരീരത്തിൽ തന്റെ മരണത്താൽ നിരപ്പിച്ചു. തിന്മ അഥവാ പാപ സ്വഭാവം ആണ് മനുഷ്യരെ ദൈവത്തിൽ നിന്നും അകറ്റിയതു (യെശയ്യാവു 59:1-8). നിരപ്പിനുശേഷം മനുഷ്യരും ദൈവവും വീണ്ടും സ്നേഹിതന്മാരായി തീർന്നു.

ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ മദ്ധ്യസ്ഥനായതു യേശുക്രിസ്തുവാണ്. ക്രിസ്തുവിനാലാണ് നമ്മെ ദൈവത്തോടു നിരപ്പിച്ചത്. ദൈവം, ക്രിസ്തു മുഖാന്തരം ലോകത്തെ തന്നോടു നിരപ്പിച്ചു എന്നാണ് വചനം പറയുന്നത്. ദൈവം ഒരുവൻ മാത്രം. ആ ദൈവത്തിനും മനുഷ്യർക്കും ഇടയിൽ മദ്ധ്യസ്ഥനും ഏകൻ തന്നെ. യേശുക്രിസ്തു തന്നെയാണ് മദ്ധ്യസ്ഥൻ (1 തിമൊഥെയൊസ് 2:5). അതിനായി അവന്റെ ശരീരം, രക്തം എന്നിവ നല്കി. ദൈവത്തിനു പ്രസാദകരമായ യാഗമായി തീർന്നതുകൊണ്ടാണ് നമുക്കു ദൈവത്തോടു അടുക്കുവാൻ അവസരം ലഭിച്ചത്. അതു മനുഷ്യർ ആരും മറക്കാതിരിക്കുന്നത് നന്നായിരിക്കും.

അപ്പൊസ്തലന്മാർ എല്ലാവരും സ്ഥാനാപതികളായിരുന്നു. നിരപ്പിന്റെ ശുശ്രൂഷക്കു അവർ തങ്ങളെത്തന്നെ കർത്താവിന്നു ഏല്പിച്ചു കൊടുത്തവരായിരുന്നു. ദൈവം മനുഷ്യർക്കു സാദ്ധ്യമാക്കി തീർത്ത നിരപ്പ് പ്രയോജനപ്പെടുവാൻ ചില നിബന്ധനകൾ ദൈവം ഒരുക്കിയിട്ടുണ്ട്. അതാണ് സുവിശേഷം. രക്ഷിക്കുവാൻ ശക്തമായ ഒന്നാണ് ക്രിസ്തുവിന്റെ സുവിശേഷം (റോമർ 1:16). പാപത്തിനുള്ള ശിക്ഷ നാം അനുഭവിക്കാതിരിക്കുക എന്ന ഭാഗ്യാവസ്ഥ നിസാരമായ ഒന്നല്ല. ജീവനുള്ള ദൈവത്തിന്റെ കോപം ജ്വലിച്ചാൽ മനുഷ്യർ നശിച്ചുപോകും. കർത്താവു മനസലിവുള്ളവനായതുകൊണ്ടു അവന്റെ കരുണ നമുക്കു ലഭ്യമായി. അവൻ നമുക്കുവേണ്ടി മരണം സ്വയമായി ഏറ്റെടുത്തിട്ടില്ലായിരുന്നെങ്കിൽ നമുക്കു ദൈവത്തോടു ബന്ധപ്പെടുവാൻ കഴിയുമായിരുന്നില്ല. അതുകൊണ്ടാണ്

അവൻ ഏക വഴിയായി തീർന്നത്. ആത്മീയ ജീവൻ ക്രിസ്തു മുഖാന്തരമാണ് മനുഷ്യർക്കു കിട്ടുന്നത്. ഏതൊരു വ്യക്തിക്കും വളരെ എളുപ്പം ദൈവ സന്നിധിയിൽ പ്രവേശിക്കുവാൻ കഴിയുന്നതു ക്രിസ്തു നിമിത്തമാണ്. വിയോജിപ്പ് നമ്മെ വേദനിപ്പിക്കുന്നെങ്കിൽ യോജിപ്പ് നമ്മെ സന്തുഷ്ടരാക്കും.

സുവിശേഷം അനുസരിക്കുവാൻ ആളുകൾ നിർബന്ധിക്കുന്നതിന്റെ കാരണം അവർ ദൈവത്തിന്റെ നിത്യശിക്ഷയിൽ അകപ്പെടാതിരിക്കണം (2 കൊരിന്ത്യർ 5:11). ദൈവത്തെയും ക്രിസ്തുവിനെയും അറിയാതെ ജീവിക്കുന്നവർ അറിയുന്നില്ല അവസാനം അവർക്കു എന്തു സംഭവിക്കുമെന്നു. അഗ്രിപ്പാ രാജാവിനോടു അപ്പൊസ്തലനായിരുന്ന പൗലൊസ് ദൈവിക സത്യം തുറന്നു പറഞ്ഞു. സുവിശേഷം കേട്ടശേഷം രാജാവിന്റെ പ്രതികരണം: നീ എന്നെ അല്പം കൊണ്ടു ക്രിസ്ത്യാനിയാക്കുവാൻ സമ്മതിപ്പിക്കുന്നു എന്നാണ്. രാജാവായാലും പ്രജയായാലും ക്രിസ്ത്യാനിയായി തീരാതെ രക്ഷയില്ല എന്ന സന്ദേശമാണ് പൗലൊസ് അറിയിച്ചത് (പ്രവൃത്തി 26:28). ഇന്നത്തെ ആധുനിക മനുഷ്യരേക്കാൾ കാര്യം വ്യക്തമായി മനസ്സിലാക്കുവാൻ അന്നത്തെ അഗ്രിപ്പാ രാജാവിനു കഴിഞ്ഞു. അവൻ വചനം അപ്പോൾ അനുസരിച്ചില്ല.

ദൈവവും മനുഷ്യരും തമ്മിലുള്ള രഞ്ജിപ്പ് സംഭവിക്കുന്നതു എവിടെയാണ്? അതു ക്രിസ്തുവിൽ ആണ് സാധിക്കുന്നത്. ദൈവനീതിയും സ്നേഹവും ആ യാഗത്തിൽ തൃപ്തമാക്കപ്പെട്ടു. സഭയിൽ വെളിപ്പെടുത്തിയിരിക്കുന്ന സത്യത്തിന്റെ പരിജ്ഞാനം അതാണ്. എല്ലാവരേയും നിഷ്ക്കളങ്കരും കുറ്റമില്ലാത്തവരും ആക്കേണ്ടതിനു ക്രിസ്തുവിന്റെ മരണം അനിവാര്യമായിരുന്നു (എഫെസ്യർ 1:3; 2:15-16).

എപ്പോഴാണ് ദൈവത്തോട് ഉള്ള നിരപ്പ് സംഭവിക്കുന്നത്? സുവിശേഷം അതു വ്യക്തമാക്കുന്നുണ്ട്. ദൈവവും മനുഷ്യരും വീണ്ടും സ്നേഹിതന്മാരായി തീരുമ്പോൾ ദൈവ സന്നിധിയിലേക്കു മനുഷ്യർ ഉയർത്തപ്പെടുന്നു. പൂർവ്വസ്ഥിതിയിലേക്കു ഒരു പാപി എങ്ങനെയാണ് ദൈവത്താൽ അംഗീകരിക്കപ്പെടുന്നത്? ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏല്ക്കുമ്പോൾ ആ വ്യക്തി യേശുവിന്റെ യാഗത്തിൽ ബന്ധപ്പെടുന്നു. അതായതു അവന്റെ മരണം, ഉയിർപ്പ് എന്നി

വയിൽ പങ്കുചേരുന്നു. പാപമോചനത്തിനായുള്ള സ്നാനമേൽക്കുമ്പോൾ ആ വ്യക്തിയെ ദൈവം ക്രിസ്തുവിലൂടെ വിശുദ്ധീകരിക്കുന്നു (പ്രവൃത്തി 2:38; 22:16; റോമർ 6:1-4).

മനുഷ്യൻ ദൈവത്തിലേക്കുള്ള ദിശയിൽ സഞ്ചരിച്ചാലേ നിരപ്പ് പ്രാപിക്കയുള്ളൂ. മനുഷ്യ നിർമ്മിതമായ പ്രമാണങ്ങൾ ദൈവിക ദിശയിലേക്കല്ല നയിക്കുന്നത്. ദൈവ കല്പനകൾ മാത്രമാണ് മനുഷ്യരെ ദൈവത്തിലേക്കു അടുപ്പിക്കുന്നത്. ബൈബിൾ പറയുന്നതിനെ അവഗണിക്കാതെ അനുസരിച്ചാൽ അങ്ങനെയുള്ളവർ ദൈവ സന്നിധിയിൽ എത്തും.

✶

# സൗമ്യനും എളിയവനുമായ രാജാവ്

### തോമസ്. ആർ. ഡി.

ഞാൻ സൗമ്യനും താഴ്മയുമുള്ളവൻ; എന്റെ അടുക്കൽ വരുന്നവർക്കു ആശ്വാസം ലഭിക്കും എന്നു കർത്താവു അരുളിച്ചെയ്തിരിക്കുന്നു (മത്തായി 11:29). ക്രിസ്തുവിലായി തീർന്നവർ എത്ര ഭാഗ്യവാന്മാർ ആണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. നമ്മുടെ ബലഹീനതയിൽ സഹതാപം കാണിക്കുവാൻ താല്പര്യമുള്ള ഒരു വ്യക്തി നമുക്കുള്ളതുകൊണ്ടു എത്ര ആശ്വാസമാണ് നമുക്ക് ലഭിക്കുന്നതു എന്നതു സന്തോഷകരം തന്നെ. ദൈവം ജഡത്തിൽ വന്നു തന്നെത്താൻ വെളിപ്പെടുത്തി. അതോടൊപ്പം ദൈവത്തിൽ നിന്നകന്നു പോയ അകൽച്ച ഇല്ലാതാക്കുവാൻ ഒരു പാലമായി തീർന്നു. നമുക്കു വീട്ടാനാവാത്ത് കടം കൊടുത്തു തീർക്കുവാൻ തയ്യാറായ കർത്താവാണ് നമുക്കുള്ളത്. ഭാരം അസഹ്യമായി തീർന്നപ്പോൾ അവൻ അതു താങ്ങി നമ്മുടെ ഭാരം കുറച്ചു.

യേശു പൊതുവായി പറഞ്ഞതു: അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൗമ്യനും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ടു എന്നോടു പഠിപ്പിൻ, എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം കണ്ടെത്തും.

എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും ആകുന്നു. നിങ്ങൾക്കു അതു പിടി കിട്ടിയോ? ആദ്യം അവൻ പറയുന്നു: "എന്റെ അടുക്കൽ വരുവിൻ." ക്ഷണം നല്കുകയാണ്. പിന്നീട് ചിലതു തുടരുകയും ആവർത്തിച്ച് ഉറപ്പിക്കയും ചെയ്യുന്നു. വാസ്തവത്തിൽ അദ്ധ്വാനഭാരത്താൽ വലയുന്നവർക്കു അവരുടെ ഹൃദയത്തെ തൊട്ടുണർത്തുന്ന പ്രസ്താവനയാണത്. ഈ വാഗ്ദാനം നല്കുന്ന ആളിൽ ആശ്രയിപ്പാൻ പറയുകയാണ്. നുകം, ഭാരം, എന്നതു സാധാരണ കർഷകർക്കു സുപരിചിതമാണ്. ഭാരം ലഘൂകരിക്കാമെന്ന ഉറപ്പ് അവൻ നല്കുന്നുണ്ട്. നിരാശയിൽ കഴിയുന്നവർക്കു ആശാവഹമായ ഒന്നാണിത്.

പിന്നീട് യേശു, തന്നെ കുറിച്ചു തന്നെ പറയുന്നതു ശ്രദ്ധിക്കുക. "ഞാൻ സൗമ്യതയും താഴ്മയുമുള്ളവൻ." മൃദുവായ സ്വഭാവം അവന്റെ ജീവിതത്തിൽ പലപ്പോഴും മാറ്റമില്ലാതെ നിലനിന്നു. വൈകാരിക സന്ദർഭങ്ങളിൽ പോലും അതിനു മാറ്റം സംഭവിച്ചിരുന്നില്ല. മറ്റുള്ളവരുടെ വേദനയിലും ദുഃഖത്തിലും അവരെ ആശ്വസിപ്പിക്കുവാൻ, സഹതാപം കാണിക്കുവാൻ അഹങ്കാരമുള്ളവർക്കു കഴിയാറില്ല. ദിവ്യസ്നേഹത്തിന്റെ ലക്ഷണമാണ് താഴ്മ. ഏതൊരു പ്രകോപനത്തെയും സംയമനത്തോടെ നേരിടുവാൻ സൗമ്യത വേണം. കർത്താവിനു അതിനു കഴിയുന്നു. അവന്റെ അടുക്കൽ എത്തുന്ന ആത്മാക്കൾക്കു അവൻ ആശ്വാസം നല്കും. മറ്റാർക്കും നല്കുവാൻ കഴിയാത്ത വാഗ്ദാനമാണിത്. മഹാ ദൈവവും രക്ഷിതാവുമായ ക്രിസ്തുവിന്റെ മേന്മ ഔന്നത്യത്തിലെത്തിക്കുന്നതു ഈ സ്വഭാവമാണ്. എന്റെ ആവശ്യങ്ങളിൽ അവൻ സഹായവുമായി എത്തും. എനിക്കു നേരിടുന്ന പ്രതിസന്ധിയിൽ അവൻ പരിഹാരമായി എത്തുന്നു. എന്റെ ഹൃദയവും മനസ്സും ഭാരം കൊണ്ടു തളരുമ്പോൾ ഞാൻ അവനിൽ ആശ്രയിക്കുമ്പോൾ അവൻ എന്നെ ശക്തിപ്പെടുത്തും. നാം അവനിൽ വസിച്ചാൽ അവന്റെ ഉപദേശങ്ങളും കല്പനകളും നമുക്കു ഒരിക്കലും കഠിനമായി തോന്നുകയില്ല.

നിങ്ങൾ അവഗണിക്കപ്പെടുമ്പോൾ, നിരാശപ്പെടുമ്പോൾ, നഷ്ടബോധം സംഭവിക്കുമ്പോൾ, പരാജയഭീതി നിങ്ങളെ അലട്ടുമ്പോൾ, എനിക്ക് ആരുമില്ലെന്നു തോന്നുമ്പോൾ തരം താഴ്ത്തപ്പെടുമ്പോൾ, ഒറ്റപ്പെടുത്തുമ്പോൾ, എല്ലാം പ്രതികൂലമെന്നു കരുതുമ്പോൾ നിങ്ങൾ

ചെയ്യേണ്ടതു ശക്തനായ ക്രിസ്തുവിൽ ആശ്രയിക്കുക. അവൻ നിങ്ങളെ ഉയർത്തും; സഹായിക്കും; പ്രത്യാശ നല്കും; സമൃദ്ധമായി നിങ്ങൾ അനുഗ്രഹിക്കപ്പെടും. പക്ഷെ നിങ്ങൾ വിശ്വസിക്കുന്നതു താല്ക്കാലികമാകരുത്. അവൻ കല്പിച്ചിരിക്കുന്ന പ്രമാണങ്ങൾ അനുസരിക്കുവാൻ മനസുവെക്കണം. അങ്ങനെയായാൽ നമ്മുടെ ബലഹീനതകൾക്കു തുണ നില്ക്കുവാൻ കഴിവുള്ള വലിയൊരു മഹാ പുരോഹിതൻ നമുക്കുണ്ട് (എബ്രായർ 4:15). അവൻ നിങ്ങളെ ഒരിക്കലും ഉപേക്ഷിക്കയോ തള്ളികളയുകയോ ചെയ്യുകയില്ല. നമ്മുടെ അറിവിനപ്പുറമായ ദൈവിക ജ്ഞാനത്താൽ ദൈവത്തെ അറിഞ്ഞു ജീവിക്കുക. കർത്താധി കർത്താവും രാജാധിരാജാവും നമുക്കുവേണ്ടി എന്നേക്കും ജീവിക്കുന്നു എന്നതു മറക്കാതിരിക്കുക.

✶

# മനസ്സലിവുള്ള ക്രിസ്തു

## J.L. ലീഫെസ്റ്റ്

“ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവു എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവു എന്റെ മേൽ ഉണ്ട്; ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു കാഴ്ച്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു എന്നു എഴുതിയിരിക്കുന്ന സ്ഥലം ഉണ്ട് (ലൂക്കൊസ് 4:18-19).

ഈ ലോകത്തിൽ ആളുകൾ പലപ്പോഴും ദയവില്ലാത്തവരായി കാണപ്പെടുന്നു. ശാരീരികമായോ മറ്റു രീതിയിലോ ആളുകൾ പരസ്പരം മുറിവേല്പിക്കുന്നു. ഇടുങ്ങിയ മനോഭാവത്തോടെ, ദേഷ്യഭാവത്തോടെ, ക്രൂര സ്വഭാവത്തോടെ മറ്റുള്ളവരോടു പെരുമാറുന്നവരുണ്ട്. വേറെ ചിലർ ചതിക്കുകയോ കള്ളം പറയുകയോ, ഏഷണി പറയുകയോ ചെയ്തു മറ്റുള്ളവരുടെ വികാരത്തെ വൃണപ്പെടുത്തും.

ദൈവിക സ്വഭാവം ഉൾക്കൊള്ളേണ്ടവരാണ് ക്രിസ്ത്യാനികൾ. അതിൽ ഒന്നാണ് മനസ്സലിവ്. ദൈവം സ്നേഹമാണ് (1 യോഹന്നാൻ 4:8). ദൈവഭക്തിയുടെ ശക്തമായ ഭാവം തന്നെ ദൈവിക സ്നേഹം

തന്നെയാണ് (1 കൊരിന്ത്യർ 13). ഈ ലോകത്തിൽ ദൈവപുത്രനായി ജനിച്ചവനാണ് ക്രിസ്തു. മനുഷ്യരൂപമെടുത്തു ദൈവികസ്വഭാവം പൂർണ്ണരൂപത്തിൽ ലോകത്തിനു വെളിപ്പെടുത്തി (മത്തായി 3:13-17; യോഹന്നാൻ 1:14; 14:1-10; കൊലൊസ്യർ 1:15). ജീവിച്ചിരുന്ന മനുഷ്യരിൽവെച്ച് ഏറ്റവും വലിയ മനസ്സുള്ളവനാണ് ക്രിസ്തു. അതിന്റെ പരിണിത ഫലമായിരുന്നു അവന്റെ ക്രൂശു മരണം.

## അവൻ ഭൂമിയിൽ ആയിരുന്നപ്പോൾ മനുഷ്യർക്കു അവന്റെ ശുശ്രൂഷ

"അവൻ വന്നു വലിയ പുരുഷാരത്തെ കണ്ടു. മനസലിഞ്ഞു അവരുടെ രോഗങ്ങളെ സൗഖ്യമാക്കി (മത്തായി 14:14). ഒരു കുഷ്ഠരോഗി അവന്റെ അടുക്കൽ വന്നു മുട്ടികുത്തി നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും എന്നു അപേക്ഷിച്ചു. യേശു മനസ്സലിഞ്ഞു കൈനീട്ടി അവനെ തൊട്ടു മനസുണ്ട് ശുദ്ധമാക എന്നു പറഞ്ഞു. ഉടനെ കുഷ്ഠം വിട്ടുമാറി അവനു ശുദ്ധി വന്നു (മർക്കൊസ് 1:40-42).

അവൻ യെരീഹോവിൽ നിന്നു പുറപ്പെടുമ്പോൾ വലിയൊരു പുരുഷാരം അവനെ അനുഗമിച്ചു. അപ്പോൾ വഴിയരികെ ഇരിക്കുന്ന രണ്ടു കുരുടന്മാർ യേശു കടന്നു പോകുന്നതു കേട്ടു. കർത്താവേ, ദാവീദുപുത്രാ, ഞങ്ങളോടു കരുണ തോന്നേണമേ, എന്നു നിലവിളിച്ചു. മിണ്ടാതിരിപ്പാൻ പുരുഷാരം അവനെ ശാസിച്ചപ്പോൾ അവർ കർത്താവേ, ദാവീദു പുത്രാ ഞങ്ങളോടു കരുണ തോന്നേണമേ എന്നു അധികം നിലവിളിച്ചു. യേശു നിന്നു അവരെ വിളിച്ചു. ഞാൻ നിങ്ങൾക്കു എന്തു ചെയ്യേണമെന്നു ഇച്ഛിക്കുന്നു എന്നു ചോദിച്ചു. കർത്താവേ, ഞങ്ങൾക്കു കണ്ണുതുറന്നു കിട്ടേണം എന്നു അവർ പറഞ്ഞു. യേശു മനസ്സലിഞ്ഞു അവരുടെ കണ്ണുതൊട്ടു. ഉടനെ അവർ കാഴ്ച്ച പ്രാപിച്ചു. അവനെ അനുഗമിച്ചു (മത്തായി 20:30).

വൈകല്യം നേരിട്ട ആളുകളോടും രോഗികളോടും യേശുക്രിസ്തുവിനു മനസ്സലിവുണ്ടായിരുന്നു. യേശു മുഖാന്തരം ദൈവശക്തിയാൽ അത്ഭുതങ്ങൾ നടന്നു (മത്തായി 14:35-36; ലൂക്കൊസ് 7:21).

അവന്റെ ശുശ്രൂഷയിൽ ഉയർന്ന ഗുണനിലവാരം നാം ദർശിക്കുന്നുണ്ട്. ഏതാനും ചില രോഗങ്ങളിൽ മാത്രം ഒതുങ്ങി നില്ക്കു

ന്നതല്ല അവന്റെ അത്ഭുതരോഗസൗഖ്യം. ജനങ്ങളിലുള്ള സകല ദീനത്തേയും രോഗത്തേയും അവൻ സൗഖ്യമാക്കി എന്നതാണ് പ്രത്യേകത. തന്നോടടുത്തവരേയും അപരിചിതരേയും, യവനനെയും യഹൂദനേയും കുഷ്ഠ രോഗിയേയും യാചകനേയും, പ്രമാണിയേയും പ്രായപൂർത്തിയായവരെയും കുട്ടികളേയും അവൻ സൗഖ്യമാക്കി (മത്തായി 8:2–15; 9:18–25; മർക്കൊസ് 7:24–37; ലൂക്കൊസ് 17:12–19; യോഹന്നാൻ 4:45–53). തന്നെ ഉപദ്രവിക്കാനും കൊല്ലുവാനും വന്ന മഹാപുരോഹിതന്റെ ദാസന്റെ അറ്റുപോയ ചെവി, അവൻ സൗഖ്യമാക്കി (ലൂക്കൊസ് 22:51).

സ്ഥലകാല ഭേദമെന്യേയാണ് യേശു പലപ്പോഴും ദീനക്കാരെ സുഖപ്പെടുത്തിയത്. കടലിൽ, കുളത്തിൽ, കുളത്തിനു പുറത്ത്, വീട്ടിൽ, പള്ളിയിൽ, ദേവാലയത്തിൽ ഒക്കെ അവൻ സൗഖ്യമാക്കിയിട്ടുണ്ട്. പ്രത്യേക സമയത്തോ, ദിവസത്തിലോ, ആഴ്ച്ചയിലോ മാത്രം അതു ഒതുങ്ങി നിന്നില്ല. യഹൂദന്മാരുടെ ശബ്ബത്തു ദിനത്തിൽ പോലും അവൻ ദീനക്കാരെ സുഖപ്പെടുത്തിയിട്ടുണ്ട് (മത്തായി 12:8–9; ലൂക്കൊസ് 13:11–13; യോഹന്നാൻ 5:1–16). ശബ്ബത്തിന്റെ കർത്താവിനേക്കാൾ ആ ദിവസത്തിൽ പ്രവർത്തി ചെയ്യുവാൻ അവകാശമുള്ള മറ്റാരാണുള്ളത് (മർക്കൊസ് 2:27–28; ലൂക്കൊസ് 6:5).

### അവന്റെ മനസ്സലിവിനെ കുറിച്ച് പ്രവചനങ്ങൾ മുന്നറിയിക്കുന്നു

വൈകുന്നേരം ആയപ്പോൾ പല ഭൂതഗ്രസ്തരേയും അവന്റെ അടുക്കൽ കൊണ്ടുവന്നു. അവൻ വാക്കുകൊണ്ടു ദുരാത്മാക്കളെ പുറത്താക്കി സകല ദീനക്കാർക്കും സൗഖ്യം വരുത്തി.

അവൻ നമ്മുടെ ബലഹീനതകളെ എടുത്തു വ്യാധികളെ ചുമന്നു എന്നു യെശയ്യാ പ്രവാചകൻ പറഞ്ഞതു നിവൃത്തിയാകുവാൻ തന്നെ (മത്തായി 8:16–17). എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നുമിരിക്കുന്നു. നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു (യെശയ്യാവു 53:5). അതുകൊണ്ടു അവനു മഹാന്മാരോടുകൂടെ ഓഹരി കൊടുക്കും; ബലവാന്മാരോടുകൂടെ കൊള്ള പങ്കിടും; അവൻ



16 page

തന്റെ പ്രാണനെ മരണത്തിനു ഒഴുക്കി കളയുകയും അനേകരുടെ പാപം വഹിച്ചും അതിക്രമക്കാർക്കുവേണ്ടി ഇട നിന്നുകൊണ്ടു അതിക്രമക്കാരോടുകൂടെ എണ്ണപ്പെടുകയും ചെയ്കയാൽ തന്നെ (യെശയ്യാവു 53:12). അവന്റെ സ്നേഹത്തിന്റെ തികവ് അങ്ങനെ നിവൃത്തിയായി.

വിശപ്പുള്ളവർക്കു ശുശ്രൂഷ ചെയ്തുകൊണ്ടുകൂടെ ക്രിസ്തു തന്റെ മനസലിവു വ്യക്തമാക്കി. "എന്നാൽ യേശു തന്റെ ശിഷ്യന്മാരെ അടുക്കെ വിളിച്ചു: ഈ പുരുഷാരം ഇപ്പോൾ മൂന്നുനാളായി എന്നോടുകൂടെ പാർക്കുന്നു, അവർക്കു ഭക്ഷിപ്പാൻ ഒന്നും ഇല്ലായ്കകൊണ്ടു അവരെ കുറിച്ചു എനിക്കു മനസലിവു തോന്നുന്നു (മത്തായി 15:32).

★

# ഒരു കുളമ്പുപോലും ശേഷിച്ചുകൂടാ

## J.K. ഗോസെറ്റ്

ദൈവത്തിന്റെ സത്യത്തോടു വിട്ടുവീഴ്ച്ച ചെയ്യുവാൻ ആർക്കും അവകാശമില്ല. കാരണം ദൈവം നിഷ്ക്കർഷിച്ചിരിക്കുന്നു. സത്യം സത്യമായി തന്നെ നിലനില്ക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. പണ്ടു ഇസ്രയേൽ ജനം മിസ്രയീമിൽ ഫറവോനു അടിമകളായിരുന്നു. അവർ കഷ്ടത അനുഭവിച്ചപ്പോൾ വിടുവിക്കേണ്ടതിനു അവർ ദൈവത്തോടു അപേക്ഷിച്ചു. അവരെ വിടുവിക്കേണ്ടതിനു ദൈവം മോശെയെ നിയോഗിച്ചു. അവർ മിസ്രയീമിൽനിന്നു വിട്ടു പോകയാണെങ്കിൽ അവരുടെ കന്നുകാലികളെ മിസ്രയീമിൽ വിട്ടിട്ടു പോകുവാൻ ആണ് ഫറവോൻ ആവശ്യപ്പെട്ടത്. അതിനു മോശെ എന്ന വീണ്ടെടുപ്പുകാരൻ പറഞ്ഞതു: ഞങ്ങളുടെ മൃഗങ്ങളും ഞങ്ങളോടുകൂടെ പോരേണം. ഒരു കുളമ്പുപോലും പിമ്പിൽ ശേഷിച്ചുകൂടാ. ഞങ്ങളുടെ ദൈവമായ യഹോവയെ ആരാധിക്കേണ്ടതിനു അതിൽ നിന്നല്ലൊ ഞങ്ങൾ എടുക്കേണ്ടതു. ഏതിനെ അർപ്പിച്ചു യഹോവയെ ആരാധിക്കണമെന്നു അവിടെ എത്തുവോളം ഞങ്ങൾ അറിയുന്നില്ല (പുറപ്പാട് 10:20). ദൈവിക കാര്യങ്ങളിൽ ഒന്നിലും മോശെ ഒരു വിട്ടുവീഴ്ച്ചയും വരുത്തിയിരുന്നില്ല.

ഇസ്രായേൽ ജനം വാഗ്ദത്ത ദേശമായ കനാനിൽ എത്തുമ്പോൾ ആ ദേശം അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്ന ഏഴു ജാതിക്കാർ താമസിച്ചിരുന്ന ദേശമായിരുന്നു എന്നോർക്കുക. അതുകൊണ്ടു ഇസ്രായേലിനു കൊടുക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

"നീ കൈവശം ആക്കുവാൻ ചെല്ലുന്ന ദേശത്തു നിന്നെ കടത്തുകയും നിന്നെക്കാൾ പെരുപ്പവും ബലവുമുള്ള ജാതികളായ ഹിത്യർ, നിർഗ്ഗശ്യർ, അമോര്യർ, കനാന്യർ, പെരിസ്യർ, ഹിവ്യർ, യെബൂസ്യർ എന്നീ ഏഴു മഹാ ജാതികളെ നിന്റെ മുമ്പിൽ നിന്നു നീക്കി കളയുകയും നിന്റെ ദൈവമായ യഹോവ അവരെ നിന്റെ കയ്യിൽ ഏല്പിക്കയും നീ അവരെ തോല്പിക്കയും ചെയ്യുമ്പോൾ അവരെ നിർമ്മൂലമാക്കി കളയേണം; അവരോടു ഉടമ്പടി ചെയ്കയോ കൃപ കാണിക്കയോ അരുത്. അവരുമായി വിവാഹസംബന്ധം ചെയ്യരുത്. നിന്റെ പുത്രിമാരെ അവരുടെ പുത്രന്മാർക്കു കൊടുക്കയോ അവരുടെ പുത്രിമാരെ നിന്റെ പുത്രന്മാർക്കു എടുക്കയുമരുത്. അന്യദൈവങ്ങളെ സേവിപ്പാൻ തക്കവണ്ണം അവർ നിന്റെ പുത്രന്മാരെ എന്നോടു അകറ്റി കളയും; യഹോവയുടെ കോപം നിങ്ങൾക്കു വിരോധമായി ജ്വലിച്ചു നിങ്ങളെ വേഗത്തിൽ നശിപ്പിക്കും. ആകയാൽ നിങ്ങൾ അവരോടു ഇങ്ങനെ ചെയ്യണം. അവരുടെ ബലിപീഠങ്ങൾ ഇടിക്കേണം; അവരുടെ ബിംബങ്ങളെ തകർക്കേണം; അവരുടെ അശേരാ പ്രതിഷ്ഠകളെ വെട്ടിക്കളയേണം; അവരുടെ വിഗ്രഹങ്ങളെ തീയിൽ ഇട്ടു ചുട്ടു കളയേണം. നിന്റെ ദൈവമായ യഹോവയ്ക്കു നീ ഒരു വിശുദ്ധജനമാകുന്നു. ഭൂതലത്തിലുള്ള സകല ജാതികളിലും വെച്ചു നിന്നെ തനിക്കു സ്വന്ത ജനമായിരിക്കേണ്ടതിന്നു നിന്റെ ദൈവമായ യഹോവ തിരഞ്ഞെടുത്തിരിക്കുന്നു" (ആവർത്തനപുസ്തം 7:1-6).

യേശുക്രിസ്തു മനസ്സലിവും ദയവും സ്നേഹവും നിറഞ്ഞവനായിരുന്നു. എങ്കിലും സത്യത്തിനു യാതൊരു വിട്ടുവീഴ്ച്ചയും അവൻ അനുവദിച്ചു കൊടുത്തിരുന്നില്ല. ആളുകളെ സ്നേഹിച്ചിരുന്നെങ്കിലും അവരുടെ പാപത്തെ അഥവാ തെറ്റുകളെ അവൻ ഒരിക്കലും അംഗീകരിച്ചിരുന്നില്ല (മർക്കൊസ് 7:1-13; ലൂക്കൊസ് 13:1-5). പരീശന്മാരുടെ തെറ്റുകളെ അവൻ പരസ്യമായി ഖണ്ഡിച്ചിരുന്നു. പരീശന്മാരെ അവൻ വിളിച്ചതു: കപട ഭക്തിക്കാരേ, സർപ്പ സന്തതികളേ, മൂഢൻമാ

രേ, കുരുടൻമാരേ എന്നിങ്ങനെയാണ് (മത്തായി 23).

ഞാൻ ഭൂമിയിൽ സമാധാനം വരുത്തുവാൻ വന്നു എന്നു നിരൂപിക്കരുത്. സമാധാനം അല്ല, വാൾ അത്രേ വരുത്തുവാൻ ഞാൻ വന്നതു. മനുഷ്യനെ തന്റെ അപ്പനോടും മകളെ അമ്മയോടും മരുമകളെ അമ്മായിയമ്മയോടും ഭേദിപ്പിപ്പാനത്രെ ഞാൻ വന്നതു. മനുഷ്യന്റെ വീട്ടുകാർ തന്നെ അവന്റെ ശത്രുക്കൾ ആകും എന്നേക്കാൾ അധികം അപ്പനെയോ അമ്മയെയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല. തന്റെ ക്രൂശെടുത്തു എന്നെ അനുഗമിക്കാത്തവരും എനിക്കു യോഗ്യനല്ല. തന്റെ ജീവനെ കണ്ടെത്തിയവൻ അതിനെ കളയും. എന്റെ നിമിത്തം തന്റെ ജീവനെ കളഞ്ഞവൻ അതിനെ കണ്ടെത്തും (മത്തായി 10:32-39).

എന്താണിതിന്റെ അർത്ഥം? സത്യത്തിനുവേണ്ടി ഉറച്ചു നില്ക്കുന്നവരോടു അല്ലാത്തവർക്കു പ്രതിഷേധം ഉണ്ടാകും. ഒരേ വീട്ടിൽ താമസിക്കുന്നവരായാൽ പോലും സത്യവും അസത്യവും തമ്മിലുള്ള പോരാട്ടം ആണ് നടക്കുന്നത്. സത്യക്രിസ്തീയ ജീവിതത്തെ പരിശോധിച്ചാൽ ഒന്നാം നൂറ്റാണ്ടിലെ അപ്പൊസ്തലന്മാർ സത്യത്തിനു വേണ്ടി നിലകൊണ്ടവരായിരുന്നു. സത്യത്തിന്റെ വില അവർ മനസ്സിലാക്കിയിരുന്നു. അവരിൽ പലരും രക്തസാക്ഷികളായി തീർന്നതുഅതുകൊണ്ടാണ്. കർത്താവ് അവരെ പഠിപ്പിച്ചതു അങ്ങനെയായിരുന്നു.

ലോകത്തിലുള്ള ആളുകൾ തെറ്റിപോകാനുള്ള കാരണം യേശുക്രിസ്തു വ്യക്തമാക്കിയിട്ടുണ്ട്. തിരുവെഴുത്തുകളേയും ദൈവ ശക്തിയെയും തിരിച്ചറിയാത്തതുകൊണ്ടാണ് ആളുകൾ തെറ്റിപോകുന്നത് (മത്തായി 22:29). യേശു ഈ ഭൂമിയിൽ ജീവിച്ചപ്പോൾ യെരുശലേം ദേവാലയത്തിൽ നടന്ന ക്രമവിരുദ്ധ നടപടികളെ അവൻ എതിർത്തു. സത്യത്തിനു നിരക്കാത്ത പ്രവർത്തികൾ ചെയ്യുന്നതു അവൻ വിലക്കിയിരുന്നു. അതു ആളുകളെ സ്നേഹമില്ലാഞ്ഞിട്ടോ അവരോടു മയമില്ലാത്തതുകൊണ്ടോ അല്ല. മറിച്ച് ആളുകളിൽ നിന്നു തിന്മയെ മാറ്റി നിർത്തുവാനുള്ള അതിയായ ആഗ്രഹം കൊണ്ടാണ് അങ്ങനെ ചെയ്തത്. മനുഷ്യരിൽ സത്യവും നീതിയും നിലനിർത്തുവാൻ ആ ഒരു സമീപനം അത്യാവശ്യമാണ്. പാപത്തെ ഖണ്ഡിക്കുമ്പോൾ സത്യത്തെ സ്നേഹിക്കുന്നു. ദൈവനീതിക്കു വിട്ടുവീഴ്ച ചെയ്യാതി

രിക്കുമ്പോൾ നാം ദൈവത്തെ സ്നേഹിക്കുന്നു. കർത്താവു ജനങ്ങളെ സത്യത്തിലേക്കും നീതിയിലേക്കും വഴി നടത്തുകയായിരുന്നു. അപ്പോൾ വിട്ടുവീഴ്ച്ച ചെയ്താൽ ഉദ്ദേശത്തിനു മാറ്റം സംഭവിക്കും.

കർത്താവിന്റെ സഭയുടെ ഉദ്ദേശങ്ങളിൽ ഒന്നു ദൈവവചനമാകുന്ന സത്യത്തെ സൂക്ഷിക്കുക എന്നതാണ്. അതായതു ദുരുപദേശത്താൽ ശക്തി ക്ഷയിക്കുവാൻ അനുവദിക്കരുത്. എണ്ണിയാൽ തീരാത്ത ദുരുപദേശങ്ങളുടേയും തെറ്റിദ്ധാരണകളുടേയും മദ്ധ്യേയാണ് മനുഷ്യർ ജീവിക്കുന്നത്. അങ്ങനെയുള്ള സാഹചര്യത്തിൽ യഥാർത്ഥ ക്രിസ്ത്യാനികൾ സത്യം പ്രസംഗിക്കയും സത്യത്തിനു വേണ്ടി നിലകൊള്ളുകയും വേണം (1 തിമൊഥെയൊസ് 1:3; 2 തിമൊഥെയൊസ് 3:1-4; യൂദാ 3). അപ്പൊസ്തലനായിരുന്ന പൗലൊസും സത്യത്തിനു വിട്ടുവീഴ്ച്ച വരുത്തിയിരുന്നില്ല. "സുവിശേഷത്തിന്റെ സത്യം നിങ്ങളോടുകൂടെ നിലനില്ക്കേണ്ടതിനു ഞങ്ങൾ അവർക്കു ഒരു നാഴിക പോലും വഴങ്ങി കൊടുത്തില്ല" (ഗലാത്യർ 2:5). ദുരുപദേഷ്ടാക്കളുടെ ദുരുപദേശത്തെ ഇല്ലാതാക്കുവാൻ സത്യോപദേശം അറിഞ്ഞിരിക്കുന്ന നാം പരിശ്രമിക്കണം.

തിരുവെഴുത്തിലെ ദൈവത്തിന്റെ കല്പനകളെ നാം അങ്ങനെ തന്നെ അനുസരിച്ചാലേ അതിന്റെ യഥാർത്ഥഫലം ലഭിക്കയുള്ളൂ. പഴയനിയമത്തിലും പുതിയ നിയമത്തിലും ദൈവം മനുഷ്യരിൽ നിന്ന് പൂർണ്ണമായ അനുസരണം പ്രതീക്ഷിക്കുന്നു. യെഹൂദന്മാർ ന്യായപ്രമാണം മുഴുവൻ അനുസരിക്കേണ്ടിയിരുന്നു. പുതിയനിയമ കാലത്ത് ജീവിക്കുന്ന ഏതൊരാളും യേശുക്രിസ്തുവിന്റെ കൽപനകൾ എല്ലാം അനുസരിക്കേണ്ടതായിരുന്നു. അവ അങ്ങനെ തന്നെ അനുസരിക്കണം. അവയിൽ ഒന്നും അനുസരിക്കാതെ മാറ്റിവെക്കാവുന്നതല്ല. ദൈവകൽപനയോട് കൂട്ടുചേർക്കുവാനോ, അതിൽനിന്ന് വല്ലതും നീക്കം ചെയ്യുവാനോ ഒരു മനുഷ്യനും ദൈവം അധികാരം കൊടുത്തിട്ടില്ല.

★

# വാർത്തകൾ

## പൂവും പുല്ലുമെല്ലാം പുറത്ത്; പകരം ഹെൽമറ്റും മൊബൈൽ ഫോണും

തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കു സെപ്റ്റംബറിൽ നടക്കുന്ന പൊതു തിരഞ്ഞെടുപ്പിൽ സ്വതന്ത്ര ചിഹ്നങ്ങളുടെ പട്ടികയിൽ നിന്ന് ഊന്നുവടിയും പൂവും പുല്ലും പുറത്തായി. പകരം ഹെൽമറ്റ്, മൊബൈൽ ഫോൺ എന്നിവ ചിഹ്നങ്ങളായി ഇടംകണ്ടു. ദേശീയ സംസ്ഥാന കക്ഷികൾക്കു കേന്ദ്ര തിരഞ്ഞെടുപ്പു കമ്മിഷൻ അനുവദിച്ച അതേ ചിഹ്നങ്ങൾ ലഭിക്കും.

✶

## മദ്യലഹരിയിൽ കാറോട്ടം; ഏഴു വാഹനങ്ങൾക്ക് കേട്

മദ്യലഹരിയിൽ നടുറോഡിൽ കാർ ഓടിച്ചു ശല്യമുണ്ടാക്കിയ യുവാക്കളെ പോലീസ് അറസ്റ്റുചെയ്തു. കാൽനട യാത്രക്കാരനെ ഇടിച്ചു വീഴ്ത്തി, മൂന്നു കാറും മൂന്ന് ഇരുചക്ര വാഹനങ്ങളും ഒരു ഓട്ടോറിക്ഷയും ഇടിച്ചു മുന്നോട്ടു നീങ്ങിയ കാർ നാട്ടുകാർ തടഞ്ഞുനിർത്തി.

✶

## യുവാവിനെ കൊന്നതു കോളയിൽ വിഷം ചേർത്ത്; വീട്ടമ്മ അറസ്റ്റിൽ

അടുക്കളയിൽ ദുരൂഹസാഹചര്യത്തിൽ വിഷം ഉള്ളിൽ ചെന്നു യുവാവു മരിച്ചത് ആസൂത്രിത കൊലപാതകമാണെന്നു തെളിഞ്ഞു. വീട്ടമ്മയെ പോലീസ് അറസ്റ്റ് ചെയ്തു. കോളയിൽ ഉഗ്രവിഷം കലർത്തി, നൽകിയാണ് യുവാവിനെ കൊലപ്പെടുത്തിയതെന്ന് ഇവർ സമ്മതിച്ചു.

✶

*Watch!*

# SATHYANADAM

## TV PROGRAM

**TRUE GOSPEL MESSAGE**

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

## സംവരണ ആനുകൂല്യം

സിവിൽ സർവ്വീസ് പരീക്ഷാഫലത്തിൽ ജനറൽ മെറിറ്റ് പട്ടികയിലുൾപ്പെടുന്ന പട്ടികവിഭാഗ, ഇതര പിന്നോക്ക വിഭാഗ (ഒബിസി) ഉദ്യോഗാർഥികൾക്ക് നിയമന സമയത്ത് സംവരണാനുകൂല്യം പ്രയോജനപ്പെടുത്താൻ അനുവദിക്കുന്ന പരീക്ഷാച്ചട്ടം (16-2) സുപ്രീം കോടതിയുടെ അഞ്ചംഗ ഭരണഘടനാ ബെഞ്ച് ശരിവച്ചു.

✶

## ശിരോവസ്ത്രം: സ്കൂൾ അധികൃതരുടെ നടപടി തെറ്റെന്നു കലക്ടർ

ശിരോവസ്ത്രം ധരിച്ചതിന്റെ പേരിൽ വിദ്യാർത്ഥിനിക്ക് ടി. സി. നൽകിയ സ്കൂൾ അധികൃതരുടെ നടപടി തെറ്റാണെന്നും ഇക്കാര്യം മാനേജ്മെന്റിനു ബോധ്യമായതായും ജില്ലാ കലക്ടർ പി. വേണുഗോപാൽ പറഞ്ഞു. വിദ്യാർത്ഥിനിക്കു താൽപര്യമുണ്ടെങ്കിൽ ഇതേ സ്കൂളിൽ പഠനം തുടരാം.

✶

## തമിഴ്നാട്ടിൽ മലയാളി യാത്രികരുടെ ജീവൻ പൊലിയുന്നതു തുടരുന്നു

കേരളത്തിൽ നിന്നുള്ള വാഹന യാത്രികരുടെ ജീവൻ തമിഴ്നാട്ടിൽ അപകടത്തിൽ പൊലിയുന്നതു തുടർക്കഥയാകുന്നു. ഒൻപതു ദിവസത്തിനിടെ 17 മലയാളികളാണ് തമിഴ്നാട് തിരുവാരൂരിലും കോയമ്പത്തൂരിലുമായി വാഹന അപകടത്തിൽ മരിച്ചത്. ഇവരിൽ 14 പേർ തീർത്ഥാടനത്തിനുപോയ രണ്ടു കുടുംബങ്ങളിൽ പെട്ടവരാണ്.

✶

കാണുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കാണുക!

## HEAR THE VOICE OF TRUTH ON RADIO

# SRILANKA

| | |
|---|---|
| Hindi | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| Malayalam | Friday 3.45-4.00 P.M.<br>TV Program - Every Saturday at 6.00 a.m. (Jai Hind TV)<br>Speaker: P.K. Varghese, Church of christ Thampuranmukku, Trivandrum-35 |
| Tamil | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M.<br>Speaker: P.R. Swamy, Box 8405 Bangalore-560084 |
| Telugu | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S. Tvm on 23/24 June**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/10-11

Licensed to post without prepayment No. KL / TV (N) / WPP/40/2010 -11

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday-.Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

From

THE BIBLE TRUTH

Church of Christ

Thampuranmukku,

Trivandrum-35

Kerala, India.

Phone: 2303378

To